# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.237 | 27/02/2017 ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഹൈബി ഈഡൻ** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | നിലവിലെ മന്ത്രിസഭയിലെ എത്ര മന്ത്രിമാർക്കെതിരെ ഇതുവരെ വിജിലൻസിന്റെ ത്വരിതാന്വേഷണം നടന്നിട്ടുണ്ട്; കോടതി നിർദ്ദേശപ്രകാരം എത്ര മന്ത്രിമാർക്കെതിരെ അന്വേഷണം ആരംഭിക്കുകയുണ്ടായി; പരാതികൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) യും (ബി) യും | ശ്രീമതി.മേഴ്സിക്കുട്ടിയമ്മയ്ക്കെതിരായി വിജിലൻസ് കോടതി നിർദ്ദേശപ്രകാരം കശുവണ്ടി വാങ്ങിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ത്വരിതാന്വേഷണം (ക്യു.വി.74/16/എസ്.ഐ.യു-1) നടത്തിയതിൽ ശ്രീമതി.മേഴ്സിക്കുട്ടിയമ്മ കുറ്റക്കാരിയല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കാപ്പക്സിലും മത്സ്യഫെഡിലും മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചതിലെ അഴിമതി സംബന്ധിച്ച് ശ്രീമതി.മേഴ്സിക്കുട്ടിയമ്മയ്ക്കെതിരെ ക്യു.വി.26/16/എസ്.ഐ.യു-II നമ്പർ സത്വരാന്വേഷണം നടത്തിവരുന്നു. കോവളം എം.എൽ.എ. ശ്രീ.എം.വിൻസെന്റിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ബഹു.തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് സി.എം.പി.നമ്പർ.59/17 -ൽ മുൻ വൈദ്യുതി മന്ത്രി (ഇപ്പോൾ ദേവസ്വം) ശ്രീ.കടകംപള്ളി സുരേന്ദ്രനെതിരെ ഒരു അന്വേഷണം നടത്തിവരുന്നു. |
| (ബി) | ഏതൊക്കെ കേസുകളിൽ ത്വരിതാന്വേഷണം പൂർത്തിയായിട്ടുണ്ട്; അന്വേഷണത്തിൽ ഏതെങ്കിലും മന്ത്രിമാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | | |
| (സി) | ഈ മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രി കൊലക്കേസ്സിൽ പ്രതിയാണോ; വിശദാംശം നൽകുമോ; | (സി) | ബഹു.വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ.എം.എം.മണി, അഞ്ചേരി ബേബി എന്നയാളെ കൊലപ്പെടുത്തിയ കേസിലെ ഗൂഢാലോചനയിൽ ഉൾപ്പെട്ടു എന്ന് ആരോപിച്ചുകൊണ്ടുള്ള കേസിൽ പ്രതിയാണ്. (ശാന്തൻപാറ പി.എസ്.ക്രൈം നമ്പർ 118/82 u/s 143, 147, 148,149, 307, 302, 118 of 302, 120 (b)of 302 IPC and Sec 3 r/w 25(1)(a) of Indian Arms Act). ടി കേസിന്റെ കുറ്റപത്രം 29/03/2016 ൽ ബഹു.തൊടുപുഴ അഡീഷണൽ സെഷൻസ് (അഡ്ഹോക്ക് II) കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു.കോടതി SC 68/16 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതും 1.4.17 തീയതി വിചാരണയ്ക്കായി മാറ്റിവച്ചിട്ടുള്ളതുമാണ്. |
| (ഡി) | കൊലക്കേസ്സിൽ പ്രതിയായ വ്യക്തി മന്ത്രിയായി തുടരുന്നത് നിഷ്പക്ഷ അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ അദ്ദേഹം മന്ത്രിസ്ഥാനത്ത് തുടരുന്നത് ഉചിതമാണെന്ന് കരുതുന്നുണ്ടോ? | (ഡി) | തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഘട്ടത്തിൽ ഈ കേസ്സിന്റെ നിയമസാധുത പരിശോധിച്ച് യോഗ്യത നിശ്ചയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ